**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 179** **07-06-2021 - ൽ മറുപടിയ്ക്ക്**

**പേരാവൂർ താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രവർത്തനോദ്ഘാടനം നടത്തിയ പേരാവൂർ താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; മേൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | പേരാവൂർ താലൂക്കാശുപത്രിയുടെ വികസനം കിഫ്ബിയിൽപ്പെടുത്തി ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. സ്പെഷ്യൽ പ്രപ്പസ് വെഹിക്കിളായ വാപ്കോസ് എന്ന സ്ഥാപനം പ്രവൃത്തി ടെൻഡർ ചെയ്ത് MAPS GLOBAL എന്ന കമ്പനിക്ക് നൽകി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനായി പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ റദ്ദായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ ? | (ബി) | നിർമ്മാണ പ്രവൃത്തിയുടെ കരാർ താൽക്കാലികമായി റദ്ദ് ചെയ്തിരിക്കുകയാണ്. പേരാവൂർ താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനത്തിന് നിയമിച്ചിരുന്ന വാപ്കോസ് ലിമിറ്റഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് കിഫ്ബിയും ആരോഗ്യ കുടുംബക്ഷേമ വകുപ്പും തമ്മിൽ ഒപ്പു വച്ച എഗ്രിമെന്റിലെ വ്യവസ്ഥകൾ അനുസരിച്ചല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് കിഫ്ബി പ്രസ്തുത വർക്ക് താൽക്കാലികമായി നിർത്തി വയ്ക്കുകയും കരാർ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പ്രൊപ്പോസൽ പുന സമർപ്പിക്കുവാൻ കിഫ്ബിയിൽ നിന്നും സ്പെഷ്യൽ പ്രപ്പസ് വെഹിക്കിളായ വാപ്കോസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ